# ഒരു ഫോൺ കോളിൽ വീട്ടിലെത്തും, വീട്ടാവശ്യത്തിനുള്ളതെല്ലാം ... ഇതാണ് ഒരുമ റാപ്പിഡ് ആക്ഷൻ ഫോഴ്സ്

എറണാകുളം ജില്ലയിലെ കുമ്പളങ്ങി പഞ്ചായത്തിലെ നിവാസികൾക്ക് വീട്ടു സാധനങ്ങൾ തീർന്നാൽ ഇപ്പോൾ ടെൻഷനില്ല. കാരണം 9562081207 എന്ന നമ്പറിൽ വിളിച്ചു പറഞ്ഞാൽ ഓർഡർ ചെയ്ത മുഴുവൻ സാധനങ്ങളും പിറ്റേന്നു രാവിലെ വീട്ടുമുറ്റത്തെത്തും. കുടുംബശ്രീ വനിതകൾ അംഗങ്ങളായ ഒരുമ റാപ്പിഡ് ആക്ഷൻ ഫോഴ്സ് ടീം മുഖേനയാണ് ഈ സേവനം. ലോക്ക് ഡൗണിനെ തുടർന്ന് വീട്ടിലേക്കുള്ള അവശ്യസാധനങ്ങൾ വാങ്ങുന്നതിന് ഇവിടെയുള്ള കുടുംബങ്ങൾ ഏറെ ബുദ്ധിമുട്ടിയ സമയത്താണ് ജില്ലയിൽ നിരവധി വ്യത്യസ്തമായ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന കുടുംബശ്രീ ജനോപകാരപ്രദമായ മറ്റൊരു സേവന മാതൃക കൂടി അവതരിപ്പിച്ചത്.

എറണാകുളം ജില്ലയിൽ ദ്വീപ് സമാനമായ പ്രദേശമാണ് കുമ്പളങ്ങി. പതിനേഴ് വാർഡുകളാണ് പഞ്ചായത്തിലുള്ളത്. കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം ഇവിടുത്തെ നിവാസികൾക്ക് അവശ്യവസ്തുക്കൾ പലതും ശേഖരിച്ചു വയ്ക്കാൻ കഴിഞ്ഞിരുന്നില്ല. പുറംലോകവുമായുള്ള ബന്ധം അടഞ്ഞതോടെ പല കുടുംബങ്ങൾക്കും വീട്ടിലേക്കുള്ള അവശ്യ സാധനങ്ങൾ വാങ്ങാനും നിവൃത്തിയില്ലാതായി. ഇത്രയും കുടുംബങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അറിഞ്ഞതോടെ ഇവർക്കായി എന്തു ചെയ്യാൻ കഴിയും എന്ന കുടുംബശ്രീയുടെ ആലോചനയാണ് സാധനങ്ങൾ വാങ്ങി അവർക്ക് വീട്ടിലെത്തിച്ചു നൽകുക എന്ന പുതിയ ആശയത്തിലേക്ക് എത്തിയത്.

ആശയം കൊള്ളാമെന്ന് കണ്ടതോടെ കുമ്പളങ്ങി പഞ്ചായത്ത് എട്ടാം വാർഡായ എഴുപുന്ന ഫെറിയിലെ ഒരുമ അയൽക്കൂട്ടത്തിലെ അംഗങ്ങളായ മേരി ലാൽജി, ശീതൾ നെൽസൺ, രേഷ്മ സീസൺ, ധന്യ ജിതിൻ എന്നിവർ ഈ ദൗത്യം ഏറ്റെടുക്കാൻ സധൈര്യം മുന്നോട്ടു വന്നു. ഒരുമ റാപ്പിഡ് ആക്ഷൻ ഫോഴ്സ് എന്ന പേരിലാണ് ഇവരുടെ കൂട്ടായ്മ രൂപീകരിച്ചത്. പിന്നീടൊട്ടും അമാന്തിച്ചില്ല. വീട്ടുസാധനങ്ങൾ ആവശ്യമുള്ള കുടുംബങ്ങൾക്ക് ഇതു വീട്ടിലെത്തിക്കാനുള്ള സംവിധാനവും ഇവർ ഒരുക്കി. തുടർന്ന് ആദ്യം റാപ്പിഡ് ആക്ഷൻ ഫോഴ്സ് നൽകുന്ന സേവനങ്ങളെ കുറിച്ച് കുമ്പളങ്ങി പഞ്ചായത്തിലെമ്പാടും അറിയിച്ചു. അയൽക്കൂട്ടങ്ങൾ, എ.ഡി.എസ് , സി.ഡി.എസ് എന്നിവർ ഉൾപ്പെടുന്ന വാട്ട്സാപ് ഗ്രൂപ്പു വഴിയും നേരിട്ടുമാണ് എല്ലായിടത്തും ഇതു സംബന്ധിച്ച വിവരങ്ങൾ എത്തിച്ചത്. വീട്ടുകാർ ആവശ്യമുള്ള സാധനങ്ങളുടെ പേരും അളവും ബ്രാൻഡും മുൻകൂറായി ഒരുമ റാപ്പിഡ് ആക്ഷൻ ഫോഴ്സിനെ അറിയിക്കണം. ആവശ്യക്കാർക്ക് തലേന്ന് 95620 81207 എന്ന നമ്പറിൽ വിളിച്ച് അവശ്യ സാധനങ്ങൾ ഓർഡർ ചെയ്യാം. തലേന്നു ലഭിച്ച മുഴുവൻ ഓർഡറിനും അതനുസരിച്ചുള്ള സാധനങ്ങൾ ഇവർ ഒരുമിച്ച് എറണാകുളത്തോ പള്ളുരുത്തിയിലോ പോയി മൊത്തമായി വാങ്ങും. അതിനുശേഷം സാധനങ്ങൾ ഓർഡർ നൽകിയ വീട്ടുകാർക്ക് നേരിട്ടെത്തിക്കും. എല്ലാവർക്കും സ്കൂട്ടർ ഓടിക്കാൻ അറിയാവുന്നത് ഈ അവസരത്തിൽ ഉപകാരമായി. സാധനങ്ങൾ സ്കൂട്ടറിലും സ!!ൈ!!ക്കിളിലും വച്ച് ഇവർ തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയുന്നവർക്ക് എത്തിച്ചു നൽകുന്നു. അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, പാൽ, മുട്ട അങ്ങനെ ഒരു കുടുംബത്തിന് ആവശ്യമായതെന്തും ഇവർ വാങ്ങി നൽകുന്നു. ഇങ്ങനെ സാധനങ്ങൾ മുഴുവൻ എത്തിച്ചു കൊടുക്കുമ്പോൾ പെട്രോൾ ചാർജ് ഇനത്തിൽ പരമാവധി 25 രൂപ മാത്രമാണ് ഇവരുടെ സേവനങ്ങൾക്കായി വാങ്ങുന്നത്. ഇപ്പോൾ ഒരു ദിവസം ശരാശരി അമ്പതോളം കുടുംബങ്ങളിലേക്ക് വീട്ടു സാധനങ്ങൾ എത്തിക്കാൻ ഇവർക്ക്

കഴിയുന്നുണ്ട്. കടയിൽ നിന്നും വാങ്ങുന്നതു പോലെ തന്നെ യഥാർത്ഥ വിലയ്ക്ക് ആവശ്യാനുസരണം ലഭിക്കുന്നതു കൊണ്ട് വീട്ടുകാർക്കും ഇവരുടെ സേവനം ഏറെ പ്രിയപ്പെട്ടതായിട്ടുണ്ട്. വയോധികർ മാത്രമുള്ള കുടുംബങ്ങൾക്കും ഒരുമയുടെ സേവനം ഏറെ പ്രയോജനപ്രദമാകുന്നു. ആവശ്യപ്പെടുന്ന സാധനങ്ങൾ സമയബന്ധിതമായി വീട്ടിലെത്തിക്കുന്നതിനാൽ വീട്ടമ്മമാർക്ക് ഏറെ ആശ്വാസകരമായി മുന്നേറുകയാണ് പദ്ധതിയും ഇതിലെ അംഗങ്ങളും. ലോക്ക് ഡൗൺ കഴിഞ്ഞാലും തങ്ങൾക്ക് ഇത്തരത്തിലുള്ള ഹോം ഡെലിവറി സംവിധാനത്തിലൂടെ വീട്ടിലേക്കാവശ്യമായ സാധനങ്ങളെത്തിച്ചു തരാമോ എന്നും പല വീട്ടമ്മമാരും ചോദിക്കുന്നുണ്ട്.

കുടുംബശ്രീ വനിതകളുടെ പുതിയ സംരംഭത്തിന് അതത് വാർഡു മെമ്പർമാരുടെ പൂർണ സഹകരണവുമുണ്ട്. ഗാർഹിക ഉപയോഗത്തിനാവശ്യമായ സാധനങ്ങൾക്ക് ക്ഷാമം നേരിടുന്ന കുടുംബങ്ങൾക്ക് ഒരുമ റാപ്പിഡ് ആക്ഷൻ ഫോഴ്സ് മുഖേന ഇവ എത്തിച്ചു നൽകാൻ പഞ്ചായത്ത് വാർഡ് മെമ്പർമാരും കൂടാതെ അയൽക്കൂട്ട എ.ഡി.എസ്, സി.ഡി.എസ് അംഗങ്ങളും എല്ലാവിധ പിന്തുണയും നൽകുന്നുണ്ട്.